# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6004 04.11.2016- ൽ മറുപടിക്ക്

## റവന്യൂ വകുപ്പിൻ കീഴിലുള്ള ഓഫീസുകളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. ശശി | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വില്ലേജ് ഓഫീസുകൾ/താലൂക്ക് ഓഫീസുകൾ/ ജില്ലാകളക്ടറേറ്റുകളിൽ നിന്നും പൊതു ജനങ്ങളുടെ അപേക്ഷകളിന്മേൽ നൽകേണ്ട സർട്ടിഫിക്കറ്റുകൾ ഏതെല്ലാമെന്നും, ഇവ നിലവിൽ നേരിട്ടാണോ ഓൺലൈനിലാണോ (ഫീസ് തുക സഹിതം) നല്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) റവന്യൂ ആഫീസുകളിൽ നിന്നും നിലവിൽ ജി.ഒ.(എം.എസ്.)136/2007/ ആർ.ഡി. തീയതി 27/04/2007-ൽ നിഷ്കർഷിച്ച 24 സർട്ടിഫിക്കറ്റുകളാണ് നൽകി വരുന്നത്. ഇവ കൂടാതെ വിവിധ സ്കീമുകൾ, പ്രോഗ്രാമുകൾ എന്നിവയുമായി ബന്ധപ്പെട്ട് ചില വകുപ്പുകളും സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് വില്ലേജാഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവിറക്കുന്നുണ്ട്. 04/08/2010-ലെ ജി.ഒ.(പി) 24/10/ ഐ.റ്റി.ഡി.-യിൽ നിഷ്കർഷിച്ചിട്ടുള്ള 24 സർട്ടിഫിക്കറ്റുകൾ on line വഴിയും അത്യാവശ്യ ഘട്ടങ്ങളിൽ നേരിട്ടും നൽകുന്നു. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് on line ആയി നൽകുവാൻ തുടങ്ങിയിട്ടില്ല. SC/ST വിഭാഗക്കാർ ഒഴികെ എല്ലാ അപേക്ഷകരും അപേക്ഷയിൽ 5/- രൂപയുടെ Court Fee Stamp പതിക്കേണ്ടതുണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേന On line ആയി അപേക്ഷ സമർപ്പിക്കുമ്പോൾ 17/- രൂപ ഫീസും രേഖകൾ സ്കാൻ ചെയ്യുന്നതിന് 1 പുറത്തിന് 2/- രൂപ പ്രകാരവും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. |

(ബി) റവന്യൂ വകുപ്പിൻ കീഴിലുള്ള ഓഫീസുകളിൽ നിന്നും നൽകുന്ന പ്രസ്തുത സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷഫാറം നേരിട്ടോ/ഓൺ ലൈൻ വഴിയോ എത്ര ദിവസത്തിനകമാണ് നൽകേണ്ടതെന്നും നല്കുന്ന ഫോറങ്ങളിൽ തെറ്റുകുറ്റങ്ങളോ പരാതികളോ ഉണ്ടെങ്കിൽ അവ സ്വീകരിക്കുന്നതിന് നിലവിലെ സംവിധാനങ്ങൾ എന്തെല്ലാമെന്നും ആയതിന്റെ കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ബി) നേരിട്ട് ലഭിക്കുന്ന അപേക്ഷകളിലെ അപാകതകൾ അപ്പപ്പോൾ തന്നെ അപേക്ഷകരെ അറിയിക്കുകയും അപാകതകൾ പരിഹരിച്ച് നൽകുന്ന മുറയ്ക്ക് നിയമാനുസൃതം തീരുമാനം എടുത്തു വരുന്നുമുണ്ട്. അക്ഷയ കേന്ദ്രങ്ങൾ വഴി സമർപ്പിക്കുന്ന പരാതികളിലെ അപാകതകൾ പരിഹരിച്ച് അക്ഷയകേന്ദ്രങ്ങൾ മുഖേന തന്നെ സമർപ്പിക്കേണ്ടതാണ്. അപാകത പരിഹരിച്ചു നൽകുന്നതിന് നിശ്ചിത സമയപരിധിയില്ല. അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് സേവനാവകാശ നിയമ പ്രകാരം സമയപരിധി നിശ്ചയിച്ച് 23/01/2013-ൽ എൽ.ആർ.എച്ച്3-49142/13 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ താലൂക്ക് ഓഫീസുകൾ/കളക്ടറേറ്റുകൾ എന്നിവയിലോരോന്നിലും നല്കിയ അപേക്ഷകളിൽ ആറുമാസമായിട്ടും തീരുമാനമെടുക്കാത്ത അപേക്ഷകൾ എത്ര എന്നും, ഇവയ്ക്ക് സമയബന്ധിതമായി തീർപ്പകല്പിച്ച് അപേക്ഷകരുടെ പരാതികളകറ്റാൻ എന്തു നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

(സി) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ 22 അപേക്ഷകളും ചിറയിൻകീഴ് താലൂക്കിൽ 7 അപേക്ഷകളും കുടിശ്ശികയുണ്ട്. അപേക്ഷയോടൊപ്പം വ്യക്തമായ രേഖകൾ സമർപ്പിക്കാത്തതും KIRTADS-ൽ നിന്ന് റിപ്പോർട്ട് ലഭിക്കാത്തതും കാരണമാണ് ആയവ തീർപ്പാക്കാനാവാത്തത്.

തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്കിൽ KIRTADS-ൽ നിന്നും അന്വേഷണ റിപ്പോർട്ട് ലഭ്യമാകാത്ത ജാതി സർട്ടിഫിക്കറ്റിനുള്ള 9 അപേക്ഷകൾ കുടിശ്ശികയുണ്ട്. വയനാട് ജില്ലയിൽ 12-ഉം, കണ്ണൂർ ജില്ലയിൽ 37-ഉം അപേക്ഷകൾ KIRTADS-ൽ നിന്നും റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ കുടിശ്ശികയുണ്ട്. കോട്ടയം, പാലക്കാട് ജില്ലകളിലും KIRTADS-ൽ നിന്ന് റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ തീർപ്പാകാതെയിരിക്കുന്ന അപേക്ഷകളുണ്ടെന്ന് ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ട്.

ജാതി സംബന്ധിച്ച് വ്യക്തമായ രേഖകളില്ലാത്ത ധാരാളമാളുകളുടെ ജാതി നിർണ്ണയ റിപ്പോർട്ട് KIRTADS-ൽ നിന്നും ലഭിക്കുവാനുള്ളതിനാൽ അവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്ത അവസ്ഥ ഒഴിവാക്കുന്നതിനായി ഈ വിഷയത്തിൽ ത്വരിത ഗതിയിൽ അന്വേഷണം നടത്തി ജാതി നിർണ്ണയിക്കുന്നതിനും അതുവഴിയാളുകൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും KIRTADS-ൽ നിന്നുള്ള ഒരു പ്രത്യേക സംഘത്തെ നിയോഗിക്കുന്നതിനുള്ള ലാൻഡ് റവന്യൂ കമ്മീഷണറുടെ ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്.

**സെക്ഷൻ ഓഫീസർ**